പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 8236 17.07.2014 ലെ മറുപടിക്ക്

## പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിനായി ധനസഹായം

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. സി.പി. മുഹമ്മദ്</td><td colspan="2">ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>പട്ടികജാതിക്കാർക്ക്ഭൂമി വാങ്ങുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് എത്ര രൂപയാണ് ധനസഹായം നൽകിയിരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;</td><td>(എ)</td><td>മുൻ സർക്കാരിന്റെ കാലത്ത് ഭൂമി വാങ്ങുന്നതിനായി നല്കി വന്നിരുന്ന ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :<br><br>
<table>
<tr><th>വർഷം</th><th>പഞ്ചായത്ത്</th><th>മുനിസിപ്പാലിറ്റി</th><th>കോർപ്പറേഷൻ</th></tr>
<tr><td>2006-07</td><td>25,000</td><td>27,500</td><td>30,000</td></tr>
<tr><td>2007-08</td><td>45,000</td><td>50,000</td><td>60,000</td></tr>
<tr><td>2008-09</td><td>45,000</td><td>50,000</td><td>60,000</td></tr>
<tr><td>2009-10</td><td>75,000</td><td>90,000</td><td>1,00,000</td></tr>
<tr><td>2010-11</td><td>75,000</td><td>90,000</td><td>1,00,000</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>നിലവിൽ നൽകിവരുന്ന തുക അപര്യാപ്തമാണെങ്കിൽ എത്ര രൂപ വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്?</td><td>(ബി)</td><td>ഭൂമിയുടെ വിലക്കയറ്റം കണക്കിലെടുത്ത് ഭൂമി വാങ്ങുന്നതിന് നൽകുന്ന ധനസഹായം ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും യഥാക്രമം 1.50 ലക്ഷം രൂപ, 1.75 ലക്ഷം രൂപ, 2 ലക്ഷം രൂപ എന്നിങ്ങനെ വർദ്ധിപ്പിക്കുകയുണ്ടായി. തുടർന്ന്, മുനിസിപ്പാലിറ്റികളിൽ ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം 1.75 ലക്ഷത്തിൽ നിന്ന് 2 ലക്ഷമായും കോർപ്പറേഷനുകളിൽ 2 ലക്ഷം രൂപയിൽ നിന്ന് 3 ലക്ഷമായും 2013 സെപ്റ്റംബറിൽ വർദ്ധിപ്പിച്ചിട്ടുണ്ട്.<br>ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരമുള്ള ധനസഹായം വീണ്ടും വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിലാണ്.</td></tr>
</table>

സെക്ഷൻ ഓഫീസർ